## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4188

12.11.2019 ൽ മറുപടിക്ക്

### കെ.എസ്.ഐ.ഡി.സി യിൽ ടെലിഫോൺ ഓപ്പറേറ്റർ കം റിസപ്ഷനിസ്റ്റ് ഗ്രേഡ് II ഒഴിവുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.പി.സജീന്ദ്രൻ : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) യിൽ കാറ്റഗറി നം.654 / 2012 (ടെലിഫോൺ ഓപ്പറേറ്റർ കം റിസപ്ഷനിസ്റ്റ് ഗ്രേഡ് II) പ്രകാരം പി.എസ്.സി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് നിലവിലുണ്ടോ; എത്ര തസ്തികകളിൽ ഒഴിവുണ്ട്;വ്യക്തമാക്കാമോ; | (എ), (ബി), (സി) & (ഡി) | കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) യിൽ കാറ്റഗറി നം.654 / 2012 (ടെലിഫോൺ ഓപ്പറേറ്റർ കം റിസപ്ഷനിസ്റ്റ് ഗ്രേഡ് II) പ്രകാരം പി.എസ്.സി റാങ്ക് ലിസ്റ്റ് 23.10.2018 ൽ നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ ഉണ്ടായ 3 ഒഴിവുകൾ യഥാസമയം തന്നെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൽ പി.എസ്.സി.യുടെ നിയമന ശുപാർശ ലഭിച്ച 2 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഒരു ഒഴിവിലേയ്ക്ക് പി.എസ്.സി.യിൽ നിന്നുള്ള നിയമന ശുപാർശ പ്രതീക്ഷിച്ചിരിക്കുന്നു. ആ ഒരു ഒഴിവിലേയ്ക്ക് പി.എസ്.സി.യിൽ നിന്നുള്ള ഉദ്യോഗാർത്ഥി എത്തുന്നതുവരെ താൽക്കാലിക അടിസ്ഥാനത്തിൽ ഒരാളെ നിയമിച്ചിട്ടുമുണ്ട്. |
| (ബി) | ആയതിൽ എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തു, എത്ര ഒഴിവുകൾ ബാക്കിയുണ്ട്, എത്ര പേർക്ക് നിയമനം ലഭിച്ചു എന്നിവ അറിയിക്കാമോ; | | |
| (സി) | 2018 ൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടും പ്രസ്തുത തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | നിലവിൽ പുതിയ തസ്തികകൾ എത്ര എണ്ണം ഉണ്ടെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ